(ബി&സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള പണികൾ വിവിധ ഘട്ടങ്ങളായാണ് നടന്നുവരുന്നത്. ആയതിനാൽ ഇവയുടെ പൂർത്തീകരണത്തിന് നിശ്ചിത കാലപരിധി നിശ്ചയിക്കാൻ ഇപ്പോൾ കഴിയില്ല. പണി നടന്നു കൊണ്ടിരിക്കുന്ന 39 പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

ചേർത്തല താലൂക്കിൽ നബാർഡ് സഹായത്തോടെയുള്ള ശുദ്ധജല വിതരണം

169 (4972) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി നബാർഡ് എത്രകോടി രൂപ അനുവദിച്ചുവെന്നും ആയതിന്റെ വിനിയോഗം എപ്രകാരമായിരിക്കുമെന്നും വ്യക്തമാക്കുമോ ; പ്രസ്തുത തുക വിനിയോഗിച്ച് ചേർത്തലയിലെ ഏതെല്ലാം മേഖലകളിൽ കുടിവെള്ളമെത്തിക്കാൻ സാധിക്കുമെന്നും എത്ര പേർക്ക് പുതുതായി കുടിവെള്ളം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) ചേർത്തല നഗരസഭാ പ്രദേശങ്ങളിലെ പിന്നാക്ക മേഖലകളിൽ കുടിവെള്ളമെത്തിക്കുന്നതിന് പ്രസ്തുത തുക വിനിയോഗിക്കപ്പെടുമോ എന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക വിനിയോഗിച്ച് നഗരസഭാ പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരും മറ്റ് പിന്നാക്ക വിഭാഗങ്ങളും താമസിക്കുന്ന മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ലൈൻ എക്സ്റ്റൻഷനായി നബാർഡിന്റെ ധനസഹായമായി 5147.09 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയും സംസ്ഥാന വിഹിതവും ഉപയോഗിച്ച് ചേർത്തല താലൂക്കിലെ 18പഞ്ചായത്തുകൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് ആവശ്യമായ പൈപ്പ് ലൈൻ ഏകദേശം 800 കി.മീ. ദീർഘിപ്പിക്കുന്നതിന് സാധിക്കും. ചേർത്തല താലൂക്കിലെ കഞ്ഞിക്കുഴി, മുഹമ്മ, വയലാർ, തണ്ണീർമുക്കം, ചേർത്തല സൗത്ത്, മാരാരിക്കുളം, അരൂർ, തുറവൂർ, എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട്, തൈക്കാട്ടുശ്ശേരി, പള്ളിപ്പുറം, അരൂക്കുറ്റി, പാണാവള്ളി, പെരുമ്പളം, കടക്കരപ്പള്ളി, പട്ടണക്കാട് എന്നീ പഞ്ചായത്തുകളിലെ 7,50,804 പേർക്ക് ഇതിലൂടെ പുതുതായി കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടിയാണ് കേരള വാട്ടർ അതോറിറ്റിക്ക് നബാർഡിൽനിന്നും ധനഹായം ലഭിക്കുന്നത്. ആയതിനാൽ ചേർത്തല നഗരസഭാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കുടിവെള്ളമെത്തിക്കുന്നതിന് ടി ഇുക വിനിയോഗിക്കാൻ അനുമതി ലഭിക്കുകയില്ല.

കുടിവെള്ള പദ്ധതിക്കായുള്ള വികസന പ്രവർത്തനങ്ങൾ

170 (4973) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കുടിവെള്ള പദ്ധതിക്കായി എന്തൊക്കെ വികസന പ്രവർത്തനങ്ങൾ എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എത്ര ഡൊമസ്റ്റിക് കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട് ; ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I-ൽ നൽകിയിട്ടുണ്ട്.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോകബാങ്ക് സഹായത്തോടെയുള്ള രണ്ടാം കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി-II) ജലനിധി നടപ്പിലാക്കിവരുന്നു.

ജലനിധി -IIപദ്ധതിയുടെ ബാച്ച് ഒന്നിലെ 20 ഗ്രാമപഞ്ചായത്തുകളിലും ബാച്ച് രണ്ടിലെ 62 ഗ്രാമപഞ്ചായത്തുകളിലും മൾട്ടി ജി.പി. പദ്ധതിയായി 12 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 21 ഗ്രാമ പഞ്ചായത്തുകൾ ബാച്ച് 3 പദ്ധതിയ്ക്കായി കെ.ആർ.ഡബ്ല്യു.എസ്.എ. യുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. ബാച്ച് ഒന്നിൽ ചെറുതും വലുതുമായ 462 കുടിവെള്ള പദ്ധതികളും രണ്ടാം ബാച്ചിൽ ഏകദേശം 1219 പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവയ്ക്കു പുറമെ 12 ഗ്രാമപഞ്ചായത്തുകളിലായി 3 മൾട്ടി പഞ്ചായത്ത് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം II-ആയി ചേർക്കുന്നു.*

ഭൂജല വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly